**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3353** **26-06-2024 - ൽ മറുപടിയ്ക്ക്**

**നാദാപുരം മണ്ഡലത്തിലെ സ്കൂൾ കെട്ടിട നവീകരണം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. ഇ കെ വിജയൻ</td><td colspan="2">ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>മുൻ സർക്കാരിന്റെ കാലത്ത് നാദാപുരം മണ്ഡലത്തിൽ കിഫ്ബി മുഖേനയും വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും സ്കൂൾ നവീകരണത്തിന് അനുവദിച്ച തുകയും സ്കൂളുകളുടെ പേരും പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?</td><td>(എ)</td><td>മുൻ സർക്കാരിന്റെ കാലത്ത് നാദാപുരം മണ്ഡലത്തിൽ കിഫ്ബി മുഖേന നടത്തുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.<br><br>5കോടി കിഫ്ബി പദ്ധതി<br><br>5കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട വളയം ഗവ. എച്ച്.എസ്.എസ്. സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.<br><br>3കോടി കിഫ്ബി പദ്ധതി<br><br>3കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 4 സ്കൂളുകൾക്കാണ് നാദാപുരം മണ്ഡലത്തിൽ നിർമ്മാണത്തിനായി തുക അനുവദിച്ചിട്ടുള്ളത്. GHSSകല്ലാച്ചി, GHSS കാവിലുമ്പാറ എന്നീ സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു. നാദാപുരം ഗവ.യു.പി.സ്കൂളിന്റെ നിർമ്മാണം പുരോഗമിക്കുന്നു. വെള്ളിയോട് ഗവ. ഹയർ സെക്കൻഡറി സ്കൂളിന്റെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1കോടി കിഫ്ബി പദ്ധതി<br><br>1കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട GLPS കൂടൽ സ്കൂളിന്റെ land survey നടത്തി DPR തയ്യാറാക്കിയിട്ടുണ്ട്.<br><br><u>പ്ലാൻ ഫണ്ടുപയോഗിച്ച് നടത്തുന്ന പ്രവൃത്തികൾ :-</u><br><br>
<table>
<tr><th>ക്രമനം</th><th>സ്കൂളിന്റെ പേര്</th><th>തുക<br>(ലക്ഷത്തിൽ)</th><th>നിലവിലെ സ്ഥിതി</th></tr>
<tr><td>1</td><td>ജി.എൽ.പി.എസ് കുമ്പളച്ചോല</td><td>100</td><td>നിർമ്മാണം പൂർത്തിയായി</td></tr>
<tr><td>2</td><td>ജി.എൽ.പി.എസ് കരങ്ങോട്</td><td>100</td><td>നിർമ്മാണം പൂർത്തിയായി</td></tr>
<tr><td>3</td><td>ജി.യു.പി.എസ്<br>കുണ്ടുതോട്</td><td>48</td><td>25% പൂർത്തിയായി</td></tr>
<tr><td>4</td><td>ജി.എച്ച്.എസ്.എസ്. വെള്ളിയോട്</td><td>150</td><td>നിർമ്മാണം പൂർത്തിയായി</td></tr>
</table>
</td></tr>
</table>

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | 5 | ഗവ.ഹയർ സെക്കന്ററി സ്കൂൾ, കല്ലാച്ചി | 50 | നിർമ്മാണം പൂർത്തിയായി |

സെക്ഷൻ ഓഫീസർ